കേരള സർക്കാർ

സംഗ്രഹം

തദ്ദേശസ്വയംഭരണ വകുപ്പ്- വിജിലൻസ്& ആന്റി കറപ്ഷൻ ബ്യൂറോ ആകസ്മിക പരിശോധന- തിരൂർ നഗരസഭയിലെ ഉദ്യോഗസ്ഥർക്കെതിരെയുളള അച്ചടക്ക നടപടി തീർപ്പാക്കി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

തദ്ദേശസ്വയംഭരണ (ഇ.യു) വകുപ്പ്

സ.ഉ.(സാധ) നം.2395/2016/തസ്വഭവ. തീയതി, തിരുവനന്തപുരം, 20.08.2016.

പരാമർശം : 1.വിജിലൻസ് & ആന്റി കറപ്ഷൻ ബ്യൂറോ ഡയറക്ടറുടെ 17/07/2012 ലെ E.10 (SC 9/12/MPM) 12424/12 നമ്പർ കത്ത്.

2. 30/12/2013 ലെ 59137/ഇയു2/12/തസ്വഭവ നമ്പർ കുറ്റപത്രം.

3. ഹെൽത്ത് സൂപ്പർവൈസർ ശ്രീ.പി.സുബ്രഹ്മണ്യനും ,യു ഡി ക്ലാർക്ക് ശ്രീ.കെ.വി.മുഹമ്മദ് ഹസ്സനും കുറ്റപത്രത്തിനു സമർപ്പിച്ച പ്രതിവാദ പത്രിക .

4. നഗരകാര്യ ഡയറക്ടറുടെ 29/03/2014,26/09/2015 തിയതികളിലെ വി2-1128/14 നമ്പർ കത്തുകൾ.

ഉത്തരവ്

ഓപ്പറേഷൻ ട്ടു ടയർ എന്ന പേരിൽ വിജിലൻസ് ആന്റ് ആന്റി കറപ്ഷൻ ബ്യൂറോ സംസ്ഥാന വ്യാപകമായി നടത്തിയ മിന്നൽ പരിശോധനകളുടെ ഭാഗമായി 27/02/2012 ൽ തിരൂർ നഗരസഭയിൽ നടത്തിയ മിന്നൽ പരിശോധനയിൽ കച്ചവട ലൈസൻസുകൾ അപേക്ഷകർ ലൈസൻസ് ആവശ്യപ്പെട്ട് സമീപിക്കുമ്പോൾ മാത്രമാണ് നൽകുന്നതെന്നും, കച്ചവടക്കാരെ സംബന്ധിച്ച ലിസ്റ്റ് നഗരസഭയിൽ കൃത്യമായി സൂക്ഷിച്ചിട്ടില്ല എന്നും കണ്ടെത്തി. പരാമർശം ഒന്നിലെ റിപ്പോർട്ട് ലെ പ്രസ്തുത ക്രമക്കേടുകൾക്കു കാര്യ നിർവ്വഹണ ഉദ്യോഗസ്ഥൻ എന്ന നിലയിൽ ഹെൽത്ത് സൂപ്പർവൈസർ ശ്രീ.പി.സുബ്രഹ്മണ്യനും കെട്ടിട നിർമ്മാണ പെർമിറ്റിന്റെ അപേക്ഷകൾ സ്ഥല പരിശോധന നടത്തുന്നതിനായി ബിൽഡിംഗ് ഇൻസ്പെക്ടർക്ക് നൽകിയിട്ടില്ല എന്ന കുറ്റത്തിന് യു. ഡി ക്ലാർക്ക് ശ്രീ.കെ.വി.മുഹമ്മദ് ഹസ്സനും പരാമർശം രണ്ടിലെ കുറ്റപത്രം നൽകിയിരുന്നു.

2. ശ്രീ.പി.സുബ്രഹ്മണ്യൻകുറ്റപത്രത്തിനു സമർപ്പിച്ച പരാമർശംമൂന്നിലെ പ്രതിവാദ പത്രികയിൽ 19/05/2011 മുതൽ തിരൂർ നഗരസഭയിൽ ഹെൽത്ത് സൂപ്പർവൈസറായി ജോലി ചെയ്തു വരികയാണെന്നും പരിശോധന സമയത്ത് നഗരസഭയിൽ 1 മുതൽ 28 വരെയുളള വാർഡുകളിലെ ട്രേഡ് ലൈസൻസ് രജിസ്റ്റർ പരിശോധനാ ഉദ്യോഗസ്ഥർക്ക് പരിശോധനയ്ക്ക് നൽകിയിരുന്നുവെന്നും ആവശ്യാനുസരണം അതാത് സമയം തന്നെ ലൈസൻസുകൾ നൽകി വരുന്ന വിവരം വിജിലൻസ് ആന്റ് ആന്റി കറപ്ഷൻ ബ്യൂറോ അധികൃതരോട് പറഞ്ഞിരുന്നതായും ബോധിപ്പിച്ചു. തിരൂർ നഗരസഭയിലെ കെട്ടിട നിർമ്മാണ അപേക്ഷകൾ ബിൽഡിംഗ് ഇൻസ്പെക്ടർമാർക്ക് കൃത്യമായി നൽകിയില്ലായെന്ന വിജിലൻസ് റിപ്പോർട്ട് നിഷേധിച്ചുകൊണ്ട് ചൊവ്വാഴ്ചകളിൽ കൈപ്പറ്റുന്ന കെട്ടിട നിർമ്മാണ അപേക്ഷകൾ തൊട്ടടുത്ത ശനിയാഴ്ചയ്ക്കുള്ളിൽ തന്നെ കൃത്യമായും സെക്ഷൻ സൂപ്രണ്ട് മുഖേന ബിൽഡിംഗ് ഇൻസ്പെക്ടർമാർക്ക് കൈമാറിയിട്ടുണ്ടെന്നും ഫയൽ കൈവശ രജിസ്റ്ററിൽ ചേർത്ത് കൈമാറുന്ന സമ്പ്രദായം നഗരസഭയിൽ നിലവിലില്ലായിരുന്നുവെന്നും ബിൽഡിംഗ് ഇൻസ്പെക്ടർമാർക്ക് നൽകുന്ന കെട്ടിട നിർമ്മാണ അപേക്ഷകൾ കംപ്യൂട്ടറിൽ രേഖപ്പെടുത്തി സൂക്ഷിക്കാറാണ് പതിവെന്നും അപ്രകാരം അവ സൂക്ഷിച്ചിട്ടുണ്ടെന്നും ജോലിഭാരം കാരണമുള്ള സമയക്കുറവ് കാരണം രജിസ്റ്റർ സൂക്ഷിക്കുന്നതിൽ

പറ്റിയ വീഴ്ച മാപ്പാക്കണമെന്നും യൂ. ഡി ക്ലാർക്ക് ശ്രീ.കെ.വി.മുഹമ്മദ് ഹസ്സനും അപേക്ഷിച്ചിരിക്കുന്നു.മേൽ ഉദ്യോഗസ്ഥരുടെ മറുപടിയിന്മേൽ നഗരകാര്യ ഡയറക്ടർ അഭിപ്രായം പരാമർശം (4) ലെ കത്തു പ്രകാരം ലഭ്യമാക്കിയിട്ടുണ്ട്.

3. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. ശ്രീ.പി.സുബ്രഹ്മണ്യൻ സമർപ്പിച്ച പ്രതിവാദ പത്രികയുടെ അടിസ്ഥാനത്തിലും, 2015 ഏപ്രിലിൽ ടിയാൻ വിരമിച്ച സാഹചര്യത്തിലും ശ്രീ.പി.സുബ്രഹ്മണ്യനെതിരെയുള്ള നടപടിയിൽ നിന്നും ടിയാനെ കുറ്റവിമുക്തനാക്കിയും, യൂ. ഡി ക്ലാർക്ക് ശ്രീ.കെ.വി.മുഹമ്മദ് ഹസ്സൻ സമർപ്പിച്ച പ്രതിവാദ പത്രികയുടെ അടിസ്ഥാനത്തിൽ രജിസ്റ്റർ സൂക്ഷിക്കുന്നതിൽ ടിയാന് പറ്റിയ വീഴ്ച മാപ്പാക്കി മേലിൽ ആവർത്തിക്കരുത് എന്ന താക്കീത് നൽകിയും ഇരുവർക്കും എതിരെയുള്ള അച്ചടക്ക നടപടി തീർപ്പാക്കി ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണ്ണറുടെ ഉത്തരവിൻപ്രകാരം)

അബ്ദുൽ കലാം. എം

അണ്ടർ സെക്രട്ടറി.

നഗരകാര്യ ഡയറക്ടർ, തിരുവനന്തപുരം

ഡയറക്ടർ, ലോക്കൽ ഫണ്ട് ഓഡിറ്റ്, തിരുവനന്തപുരം.

ഡയറക്ടർ, വിജിലൻസ് & ആന്റി കറപ്ഷൻ ബ്യൂറോ, തിരുവനന്തപുരം.

അക്കൗണ്ടന്റ് ജനറൽ (എ&ഇ) / ഓഡിറ്റ് ,തിരുവനന്തപുരം.

സെക്രട്ടറി,തിരൂർ നഗരസഭ / മലപ്പുറം നഗരസഭ

ബന്ധപ്പെട്ട ജീവനക്കാർക്ക് (നഗരകാര്യ ഡയറക്ടർ മുഖേന)

എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ,തിരുവനന്തപുരം.

ഇൻഫർമേഷൻ ഓഫീസർ,വെബ് ആന്റ് ന്യൂ മീഡിയ.

വിജിലൻസ് (ഡി) വകുപ്പ്,(Vide U.O No. 5212/ D1/2016/Vig dated. 27/5/2016)

കരുതൽ ഫയൽ/ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം,

സെക്ഷൻ ഓഫീസർ.